**കേരള സർക്കാർ വിവര പൊതുജന സമ്പർക്ക വകുപ്പ്**

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്

2018 ഡിസം**ബർ** 13, വ്യാഴം

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** dioksgd@gmail.com

## നഴ്സിംഗ് വിദ്യാർഥികൾക്ക് ഐ.ഇ.എൽ.ടി.എസ് ശിൽപശാല

നാഷണൽ എംപളോയ്മെന്റ് സർവീസും ജില്ലാ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചും ഒഡിഇപിഇസി യുമായി സഹകരിച്ച് ഉദുമ നഴ്സിംഗ് കോളേജിൽ (സി.മെറ്റ്) ഡിസംബർ 19 ന് നഴ്സിംഗ് വിദ്യാർഥികൾക്കായി ഐ.ഇ.എൽ.ടി.എസ് ഏകദിന ബോധവൽക്കരണ ശിൽപശാല സംഘടിപ്പിക്കും. ജില്ലയിലെ ബി.എസ്.സി നഴ്സിംഗ്/ജി.എൻ.എം നഴ്സിംഗ് അവസാനവർഷ വിദ്യാർത്ഥികൾക്ക് ശില്പശാല യിൽ പങ്കെടുക്കാം. താൽപര്യമുള്ളവർ അന്നേദിവസം രാവിലെ 10 ന് മുമ്പായി ഉദുമ നഴ്സിംഗ് കോളജിൽ എത്തിച്ചേരണമെന്ന് ജില്ലാ എംപ്ളോയ്മെന്റ് ഓഫീസർ അറിയി ച്ചു.

## യൂത്ത് ക്ലബ് അവാർഡ് പ്രഖ്യാപിച്ചു

യൂത്ത് ക്ലബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി നെഹ്റു യുവകേന്ദ്ര നൽകുന്ന 2017-18 വർഷത്തെ യൂത്ത് ക്ലബ് അവാർഡിനു കാനത്തൂർ ഗോപി ആൻഡ് നാണു മെമ്മോറിയൽ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് അർഹരായി. ആരോഗ്യം, പരിസ്ഥിതി, ശുചിത്വം, തൊഴിൽപരിശീലനം ,സാമൂഹിക അവബോധം സൃഷ്ടിക്കൽ, പൊതുമുതൽ നിർമ്മാണം, ദേശീയ-അന്തർദേശീയ ദിനാചരണങ്ങൾ, കലാ കായിക

പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് അവാർഡിന്റെ മാനദണ്ഡം. എഡിഎം: എൻ. ദേവീദാസ് അധ്യക്ഷനും നെഹ്റു യുവകേന്ദ്ര ജില്ലാ യൂത്ത് കോർഡിനേറ്റർ എം. അനിൽ കുമാർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ റഷീദ് ബാബു, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ. ടി. വിനയൻ, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ കെ. പ്രസീത തുടങ്ങിയവർ ഉൾക്കൊള്ളുന്ന സമിതിയാണ് അവാർഡ് നിർണയിച്ചത്. 25,000 രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് അവാർഡ്.

## അവലോകന യോഗം 18 ന്

നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി പുരോഗതി അവലോകന യോഗം ഡിസംബർ 18 ന് രാവിലെ 10 മുതൽ ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ നടക്കും.

## ക്ഷേമ പെൻഷൻ അദാലത്ത് 26 ന്

ബെള്ളൂർ ഗ്രാമപഞ്ചായത്തിൽ ഈ മാസം 26 ന് രാവിലെ 11 മുതൽ ഉച്ചയ്ക്ക് 2 വരെ ക്ഷേമ പെൻഷൻ അദാലത്ത് സംഘടിപ്പിക്കും. പുതിയ മാനദണ്ഡങ്ങൾക്ക് വിധേയമായി പെൻഷൻ നിരസിക്കപ്പെട്ടവർ പരാതി പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം അദാലത്തിൽ ഹാജരാകണം. പരാതി സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 21 ന്.

## ഫ്രണ്ട് ഓഫീസ് പ്രവർത്തനം ആരംഭിച്ചു

ലേബർ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജന ങ്ങൾക്ക് സഹായങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി പ്രവർത്തനമാരംഭിച്ച ഫ്രണ്ട് ഓഫീസിന്റെ ഉദ്ഘാടനം ജില്ലാ ലേബർ ഓഫീസർ കെ.മാധവൻ നിർവഹിച്ചു. ജില്ലാ ലേബർ ഓഫീസർ (ഇ)കെ.എ ഷാജു, അസിസ്റ്റന്റ് ലേബർ ഓഫീസർ സനൽ എ. സലാം തുടങ്ങിയവർ പങ്കെടുത്തു.

## ഇൻസ്ട്രക്ടർ ഒഴിവ്

സീതാംഗോളി ഗവ.ഐ.ടി.ഐയിൽ വെൽഡർ ട്രേഡിലേക്ക് ഇൻസ്ട്രക്ടറെ ആവശ്യമുണ്ട്. താൽപര്യമുള്ളവർ ഈ മാസം 19 ന് രാവിലെ 11 മണിക്ക് ബാഡൂരിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐയുടെ ഓഫീസിൽ ഒറിജിനൽ സർട്ടിഫിക്കറ്റും ആയ തിന്റെ രണ്ടു പകർപ്പ് സഹിതം ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്. യോഗ്യത മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ബിരുദം / ത്രിവൽസര ഡിപ്ലോമ, അല്ലെങ്കിൽ വെൽഡർ ട്രേഡിൽ എൻ.ടി.സി.യും മൂന്നു വർഷത്തെ പ്രവർത്തി

പരിചയം/എൻ.എ.സി.യും ഒരുവർഷത്തെ പ്രവർത്തിപരിചയവും.കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ 04998-245099, 9961519945.

## ആംബുലൻസ് വാങ്ങാൻ അനുമതിയായി

കാഞ്ഞങ്ങാട് നഗരസഭയിൽ പ്രവർത്തിക്കുന്ന പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് ആംബുലൻസ് വാങ്ങുന്നതിന് കാഞ്ഞങ്ങാട് നിയോജക മണ്ഡലം എം എൽ എയും റവന്യൂ വകുപ്പ് മന്ത്രിയുമായ ഇ. ചന്ദ്രശേഖരൻ എം എൽ എയുടെ പ്രത്യേക വികസന ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ അനുവദിച്ചു. പ്രവർത്തിക്ക് ഭരണാനുമതി നൽകിയതായി ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബു അറിയിച്ചു.

## പാഴ് വസ്തുക്കൾ വിറ്റ് കാരുണ്യ പ്രവർത്തനം

'ഹരിതസ്പർശത്തിന് ഞാനും എന്റെ വിദ്യാലയവും' പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് ദുർഗ ഹയർസെക്കണ്ടറി സ്കൂളിലെ കുട്ടികൾ സ്വരൂപിച്ച തുക പ്രളയ ദുരിതാശ്വാസ നിധിയിലേക്കായി ജില്ലാ കളക്ടർ ഡോ. ഡി.സജിത്ത് ബാബുവിന് കൈമാറി. പ്രധാനാധ്യാപിക എം.വി ചന്ദ്രമതി, ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ ടി.വി പ്രദീപ്കുമാർ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എം.പി സുബ്രഹ്മണ്യൻ, സ്കൂൾ ലീഡർ പി. ശ്രീലക്ഷ്മി ,ദേവിക, കൃഷ്ണ എന്നിവർ പങ്കെടുത്തു.

## ബി. എസ്സി. നഴ്സിംഗ്, ബി. ഫാം ആയുർവേദ കോഴ്സുകളിലേക്ക് അപേക്ഷിക്കാം

കണ്ണൂർ പറശ്ശിനിക്കടവ് എം. വി ആർ. ആയുർവേദ മെഡിക്കൽ കോളേജിൽ കേരള ആരോഗ്യ സർവകലാശാല അംഗീകരിച്ച 2018 -19 വർഷത്തെ ബി.എസ്സി. നഴ്സിംഗ് (ആയുർവേദം) ബി. ഫാം (ആയുർവേദം) കോഴ്സുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഈ മാസം 20 വരെ ഫെഡറൽ ബാങ്കിന്റെ കേരളത്തിലെ എല്ലാ ശാഖകളിലും അപേക്ഷാ ഫീസ് സ്വീകരിക്കും. പൊതുവിഭാഗത്തിന് 600 രൂപയും പട്ടികജാതി പട്ടികവർഗ വിഭാഗത്തിന് 300 രൂപയുമാണ് ഫീസ്. പ്രോസ്പെക്ടസ്സ് www.lbscentre.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വെബ്സൈറ്റിൽ നിന്നും പ്രിന്റ് എടുത്ത അപേക്ഷ ഫോറത്തിനോടൊപ്പം ചെലാൻ രസീതിന്റെ ഓഫീസ് കോപ്പിയും സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം ഡയറക്ടർ, എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, എക്സ്ട്രാ പോലീസ് റോഡ്,

നന്ദാവനം, പാളയം, തിരുവനന്തപുരം33 എന്ന വിലാസത്തിൽ ഈ മാസം 22 ന് വൈകിട്ട് അഞ്ചിനകം ലഭിക്കണമെന്ന് എൽ. ബി. എസ്. ഡയറക്ടർ അറിയിച്ചു. ഫോൺ: 0471 2560361, 2560362, 2560363, 25603664, 2560365.

## വികസനസെമിനാർ സംഘടിപ്പിച്ചു

പിലിക്കോട് ഗ്രാമ പഞ്ചായത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2019 -2020 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ഏച്ചിക്കുളങ്ങര ഹരിപ്ര സാദം ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച വികസനസെമിനാർ ജില്ലാകളക്ടർ ഡോ. ഡി. സജിത്ത്ബാബു ഉദ്ഘാടനം ചെയ്തു. പിലിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി .വി ശ്രീധരൻ അധ്യക്ഷനായി.

കേരള സർക്കാരിന്റെ നവകേരള കാഴ്ചപ്പാടിന് ഊന്നൽ നൽകിയുള്ള പദ്ധതികളായിരുന്നു പ്രധാനമായും സെമിനാറിൽ ഉൾപ്പടുത്തിയത്. പിലിക്കോട് നൂതനാശയങ്ങൾ, സാധ്യതകൾ എന്ന വിഷയത്തിൽ ഡി ഡി പി ഓഫീസ് കാസർകോട് സീനിയർ സൂപ്രണ്ട് കെ. വിനോദ്കുമാറും, ഹരിതകേരളം മിഷൻ തുടർ പ്രവർത്തനത്തെ സംബന്ധിച്ച് ജില്ലാമിഷൻ കോഡിനേറ്റർ എം. പി സുബ്രമണ്യൻ എന്നിവർ സംസാരിച്ചു. പരിപാടിയുടെ ഭാഗമായി പിലിക്കോട് അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ജീവനക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത 1,25000 രൂപ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.വി ശ്രീധരൻ കളക്ടർക്ക് കൈമാറി.

തുടർന്ന് പിലിക്കോട് ഗ്രാമപഞ്ചായത്തും അനേർട്ടും ചേർന്ന് നടപ്പിലാക്കുന്ന സൗരഗ്രാമം പദ്ധതിയുടെ കരാർ പത്രങ്ങൾ ജില്ലാ കളക്ടർ അനേർട്ട് പ്രതിനിധിക്ക് കൈമാറി. പിലിക്കോട് ഗ്രാമപഞ്ചായത്ത് എച്ച്.പി.സി.എൽ പൊതു നന്മ ഫണ്ട് ഉപയോഗിച്ചു നടപ്പിലാക്കുന്ന ജനമിത്രാ സേവന കേന്ദ്രം രണ്ടാം ഘട്ട പദ്ധതിയുടെ ഉദ്ഘാടനം മുൻ എം.എൽ.എ കെ കുഞ്ഞിരാമൻ ലാപ്ടോപ്പ്, പ്രിന്റർ തുടങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്ത് നിർവഹിച്ചു. പഞ്ചായത്തിന്റെ തുടർപ്രവർത്തന കരട് പദ്ധതി രേഖാ പ്രകാശനം മുൻ എം എൽ എ കെ കുഞ്ഞിരാമൻ നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് നാരായണന് കൈമാറി. തുടർന്ന് പഞ്ചായത്തിലെ ഹരിതകർമ്മസേനക്കുള്ള യൂണിഫോം വിതരണവും നടന്നു.ചടങ്ങിൽ പിലിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ .രമേശൻ സ്വാഗതം പറഞ്ഞു. പരിപാടിയുടെ ഭാഗമായി സെമിനാറിൽ പങ്കെടുത്തവർക്ക് പ്രകൃതി സംരക്ഷണത്തിന്റെയും, ഊർജ്ജ സംരക്ഷത്തിന്റെയും സന്ദേശം പകർന്ന് ആര്യവേപ്പ് തൈയും, എൽ.ഇ.ഡി ബൾബും നൽകി .

ഫോട്ടോ അടികുറിപ്പ് - പിലിക്കോട് ഗ്രാമ പഞ്ചായത്തിന്റെ വികസനസെമിനാർ ഉദ്ഘാടനം ചെയ്ത് ജില്ലാകളക്ടർ ഡോ ഡി സജിത്ബാബു സംസാരിക്കുന്നു.

## പ്രവാസി വോട്ടർമാരെ തിരിച്ചറിയാൻ അവലോകനയോഗം നടത്തി

ബൂത്തും മണ്ഡലവും കണ്ടെത്താനാകാതെ ഓൺലൈനിൽ സമർപ്പിച്ച അപേക്ഷകൾ നടപടിപൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ ജില്ലാ കളക്ടർ ഡോ. ഡി. സജിത് ബാബുവിന്റെ അധ്യക്ഷതയിൽ വോട്ടർ പട്ടികയുടെ ചുമതല വഹിക്കുന്ന ജില്ലയിലെ ഇ.ആർ.ഒ മാരുടെ യോഗം ചേർന്നു. ഇതുവരെയായി ജില്ലയിൽ മഞ്ചേശ്വരം നിയമസഭാ മണ്ഡലത്തിൽ 1690, കാസർഗോഡ് 891, ഉദുമ 480, കാഞ്ഞങ്ങാട് 515 തൃക്കരിപ്പൂർ 1113 എന്നിങ്ങനെ പ്രവാസി വോട്ടർമാരുടെ ആകെ 4689 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഓൺലൈൻ അപേക്ഷ ഫോറത്തിൽ വോട്ടർപട്ടികയിൽ നിലവിലുള്ള കുടുംബാംഗത്തിന്റെയോ അയൽവാസിയുടെയോ ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നമ്പർ രേഖപ്പെടുത്താത്തതാണ് ബൂത്തും മണ്ഡലവും തിരിച്ചറിയാൻ കഴിയാതെ അപേക്ഷയിൻ മേൽ തീരുമാനമെടുക്കാൻ സാധിക്കാത്തതെന്ന് യോഗം വിലയിരുത്തി. ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശപ്രകാരം അപേക്ഷകളിൽ അടിയന്തിരമായി തീരുമാനം കൈക്കൊള്ളേണ്ടതിനാൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള ഇതുവരേയും അന്വേഷണവുമായി ബി.എൽ.ഒ മാർ ബന്ധപ്പെട്ടിട്ടില്ലാത്ത അപേക്ഷകർ 18.12.2018 ന് മുമ്പായി മേൽപറഞ്ഞ വിവരങ്ങൾ ബന്ധപ്പെട്ട തഹസിൽദാർമാർക്ക് കൈമാറേണ്ടതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു. താലൂക്ക് ഓഫീസ് മഞ്ചേശ്വരം 04998 244388, കാസർഗോഡ് 04994230242, ഹോസ്ദുർഗ് 04672208700.

ഡെപ്യൂട്ടി കളക്ടർ എ.കെ. രമേന്ദ്രൻ, ഹോസ്ദുർഗ് തഹസിൽദാർ എസ്. ശശിധരൻപിള്ള, കാസർഗോഡ് തഹസിൽദാർ നാരായണൻ.കെ, മഞ്ചേശ്വരം തഹസിൽദാർ ഷക്കീർ.സി.എച്ച്, കളക്ടറേറ്റ് ഇലക്ഷൻ വിഭാഗം ജൂനിയർ സൂപ്രണ്ട് ഗോവിന്ദൻ.എസ്, താലൂക്ക് ഇലക്ഷൻ ഡെപ്യൂട്ടി തഹസിൽദാർമാരായ സുബൈർ.എൽ.കെ, രവീന്ദ്രൻ.വി, ഇലക്ഷൻ വിഭാഗത്തിലെ വിനോദ്.ടി.കെ, ശ്രീജ.എ.വി എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

## പ്രവാസിവോട്ട് അപേക്ഷകർ ഹാജരാകണം

കാസർഗോഡ് ജില്ലയിലെ നിയമസഭാ മണ്ഡലങ്ങളിലെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് നവംബർ 15 വരെ അപേക്ഷ സമർപ്പിച്ചവരിൽ

അന്വേഷണത്തിനായി ബി.എൽ.ഒമാർ ഇതുവരെ ബന്ധപ്പെടാത്ത അപേക്ഷകരോ അവരുടെ കുടുംബാങ്ങളോ ബൂത്തുകൾ കണ്ടെത്തുന്നതിന് രേഖകൾ സഹിതം ബന്ധപ്പെട്ട താലൂക്കുകളിലെ ഇലക്ഷൻ വിഭാഗം ഡെപ്യൂട്ടി തഹസിൽദാർ മുമ്പാകെ ഹാജരാകണം.

പാസ്പോർട്ട്, വിസ എന്നിവയുടെ പകർപ്പുകൾ, വീട്ടിലുള്ളവരുടെയോ അയൽവാസിയുടെയോ തെരഞ്ഞെടുപ്പ് ഐഡി കാർഡ് എന്നിവ സഹിതം നേരിട്ടോ അവരുടെ കുടുംബാംഗങ്ങളോ ഡിസംബർ 18 ന് ഹാജരാവണം. കൂടുതൽ വിവരങ്ങൾക്ക് താലൂക്ക് ഓഫീസ് മഞ്ചേശ്വരം 04998 244388, 9895177022

## ഹരിതകേരളം നാടിന് ഉത്സവമാക്കി ചെങ്കള ഗ്രാമ പഞ്ചായത്ത്

എടനീർ ഹരിതകേരളം മിഷൻ രണ്ടാം വാർഷികാചരണത്തിന്റെ ഭാഗമായി എടനീർ മധുവാഹിനിപ്പുഴയിൽ തടയണ നിർമ്മാണോദ്ഘാടനം ജില്ലാ കളക്ടർ ഡോ.ഡി .സജിത്ത് ബാബു നിർവഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ഷാഹിന സലീം അധ്യക്ഷയായി.

500 ഓളം പേർ പങ്കെടുത്ത പരിപാടി നാടിന് ഉത്സവമായി. പലകയിടൽ പ്രവൃത്തിക്ക് നാട്ടുകാരോടൊപ്പം കളക്ടറും പഞ്ചായത്ത് പ്രസിഡൻറും മുന്നിട്ടിറങ്ങി. ജല സംരക്ഷണ പ്രവർത്തനത്തിൽ വിട്ടുവീഴ്ച്ചയില്ലാത്ത പ്രവർത്തനങ്ങളാണ് ചെങ്കള ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്നത്. എടനീരിലെയും പരിസരപ്രദേശങ്ങളിലെയും ഹെക്ടർ കണക്കിന് തോട്ടങ്ങൾക്കും വയലുകൾക്കും ജല ലഭ്യത ഉറപ്പു വരുത്തുന്നതിന് തടയണ നിർമ്മാണത്തിലൂടെ സാധിക്കുമെന്ന് പ്രസിഡൻറ് ഷാഹിന സലിം അഭിപ്രായപ്പെട്ടു. കൂടാതെ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും പച്ചപ്പ് നില നിർത്തുന്നതിനും തടയണ ഉപകാര പ്രദമാകും. തടയണ നിർമ്മാണത്തിൽ പഞ്ചായത്തിലെ വാർഡ് മെമ്പർമാരും 300 ഓളം തൊഴിലുറപ്പ് പ്രവർത്തകരും, വിവിധ ക്ലബ്ബുകൾ, യുവജന സംഘടനകൾ, എൻ എസ് എസ് വളണ്ടിയർമാരും നാട്ടുകാരും പങ്കെടുത്തു. മധുവാഹിനി പുഴയിൽ ശുചീകരണ യജ്ഞം നടത്തി.പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള തോടുകളിൽ തടയണ നിർമ്മാണം ഉടൻ പൂർത്തിയാക്കും. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എം.പി. സുബ്രമണ്യൻ, ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ രാധാകൃഷ്ണൻ, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശാന്തകുമാരി, സ്റ്റാൻറിംങ് കമ്മിറ്റി ചെയർപേഴ്സൻമാരായ ഷാഹിദ മുഹമ്മദ്കുഞ്ഞി. മഹമൂദ് തൈവളപ്പ്, എൻ എ താഹിർ, സദാനന്ദൻ, എം സി എ ഫൈസൽ, സഫിയ, നാസർ കട്ടുകൊച്ചി, അബ്ദുല്ലകുഞ്ഞി, സിന്ധു, മണിചന്ദ്രകുമാരി, ജയശ്രീ, എ. മമ്മിഞ്ഞി, ഓമന, റഷീദ,

പഞ്ചായത്ത് സെക്രട്ടറി എം സുരേന്ദ്രൻ, എടനീർ സ്വാമിജീസ് സ്കൂൾ മാനേജർ ജയറാം, എൻ എസ് എസ് കോർഡിനേറ്റർ മധുസൂദനൻ, വേണു മാസ്റ്റർ, ബാല കൃഷ്ണ വോർക്കുഡ് ലു, മുഹമ്മദ് കുഞ്ഞി കടവത്ത്, എൻ.ആർ.ഇ.ജി എഞ്ചിനിയർ ദിപു എന്നിവർ സംബന്ധിച്ചു.

## വൈകല്യമുള്ള കുട്ടികൾക്ക് സ്വാന്തനമേകാൻ വലിയപറമ്പ ഗ്രാമ പഞ്ചായത്തിൽ ബഡ്സ് സ്കൂൾ

വൈകല്യമുള്ള കുട്ടികൾക്ക് സ്വാന്തനമേകാൻ വലിയപറമ്പ് ഗ്രാമ പഞ്ചായത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിക്കും. ഇടയിലക്കാടിൽ പഞ്ചായത്ത് അധീനതയിലുള്ള ഒരേക്കർ ഭൂമിയിൽ പ്രവർത്തനമാരംഭിക്കുന്ന ബഡ്സ് സ്കൂളിന്റെ ഉദ്ഘാടനം ജനുവരിയിൽ നടക്കും. പഞ്ചായത്തിലെ ആദ്യത്തെ ബഡ്സ് സ്കൂൾ ആണിത്. ലോകബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി 98 ലക്ഷം രൂപ ചെലവിലാണ് പദ്ധതി നടപ്പിലാക്കിയത്. ഇതുവരെ പഞ്ചായത്തിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പഠിക്കാനോ അവരുടെ കഴിവുകൾ വികസിപ്പിക്കാനോ ഉള്ള സാഹചര്യം ഉണ്ടായിരുന്നില്ല. ബഡ്സ് സ്കൂൾ യാതാർത്ഥ്യമാവുന്നതോടെ നൂറോളം കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം ലഭിക്കും.

600 ചതുരശ്ര മീറ്ററിലുള്ള കെട്ടിടത്തിൽ പ്രീ പ്രൈമറി, പ്രൈമറി, വൊക്കേഷണൽ ഹയർസെക്കന്ററി ക്ലാസ്സുകളും, സ്പീച്ച് തെറാപ്പി ഫിസിയോതെറാപ്പി ചെയ്യാനുള്ള സൗകര്യങ്ങളും ഉണ്ട്. അഡ്മിനിസ്ട്രേഷൻ ബ്ലോക്ക്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ടോയ്ലറ്റ്, ഡിസേബിൾ ടോയ്ലറ്റ് എന്നീ സൗകര്യങ്ങളും ബഡ്സ് സ്കൂളിൽ ഉണ്ട്. ബഡ്സ് സ്കൂളിലൂടെ ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരാൻ സഹായകരമാവും എന്ന പ്രതീക്ഷയിലാണ് പഞ്ചായത്ത് അധികൃതർ.

ഫോട്ടോ അടികുറിപ്പ് - വലിയപറമ്പ് ഗ്രാമ പഞ്ചായത്ത് ബഡ്സ് സ്കൂൾ

## ലോക്സഭാ തെരഞ്ഞെടുപ്പ്: ജില്ലാതല കോർകമ്മിറ്റി യോഗം ചേർന്നു

2019 ൽ നടക്കുന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ ഭിന്നശേഷിക്കാരായവരുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ ജില്ലാതല കോർ കമ്മറ്റി യോഗം ചേർന്നു. ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബു അദ്ധ്യക്ഷതയിലാണ് യോഗം നടന്നത്. 2019ലെ ലോകസഭ

തെരഞ്ഞെടുപ്പിൽ ജില്ലയിലെ ഭിന്നശേഷിക്കാരായ മുഴുവൻ പേരെയും പങ്കാളികളാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. സംസ്ഥാന, ജില്ലാ, നിയോജക മണ്ഡലങ്ങളിൽ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കണമെന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കമ്മിറ്റി രൂപീകരിച്ചത് എന്നും അതിന്റെ ആദ്യയോഗമാണ് നടന്നതെന്നും ഡെപ്യൂട്ടി കളക്ടർ എ.കെ രമേന്ദ്രൻ അറിയിച്ചു.

ജില്ലയിലെ ഭിന്നശേഷിക്കാരുടെ ലിസ്റ്റ് ഈ മാസം 22നകം ലഭ്യമാക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസറെ ചുമതലപ്പെടുത്തി. ജില്ലയിലെ ഓരോ പോളിംഗ് സ്റ്റേഷനിലും ഭിന്നശേഷിക്കാരായവരുടെ ലിസ്റ്റ് ബി.എൽ.ഒ മുഖാന്തിരം തയ്യാറാക്കി അവർക്ക് വോട്ട് ചെയ്യുന്നതിന് വാഹനം ഏർപ്പെടുത്തുന്നതിനുള്ള പ്ലാൻ തയ്യാറാക്കാൻ ബന്ധപ്പെട്ട തഹസിൽദാമാരെയും ഇ.ആർ.ഒ മാരെയും യോഗം നിയോഗിച്ചു. ജില്ലയിലുള്ള ആംബുലൻസ്, വീൽചെയർ എന്നിവയുടെ ലഭ്യത സംബന്ധിച്ച് വിവരങ്ങൾ തയ്യാറാക്കി നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകി. ഭിന്നശേഷിക്കാരെ വോട്ടർപ്പട്ടികയിൽ പേരുചേർക്കുന്നതിനും അവർക്ക് തെരഞ്ഞെടുപ്പ് പ്രക്രിയ സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ നിൽകുന്നതിനും ചെങ്കള മാർത്തോമ കോളേജ്, കാഞ്ഞങ്ങാട് കോളേജ് ഓഫ് ഡഫ് ആന്റ് ഡംബ് എന്നിവിടങ്ങളിൽ 2019 ജനുവരി 10ന് സ്പെഷ്യൽ ക്യാമ്പുകൾ സംഘടിപ്പിക്കാനും യോഗത്തിൽ തീരുമാനമായി. നിയോജകമണ്ഡലാടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ച് യോഗം ചേർന്ന് ഈ മാസം 22നകം റിപ്പോർട്ട് നൽകാൻ തഹസിൽദാർ, ഇ.ആർ.ഒ മാർക്ക് നിർദ്ദേശം നൽകി. ജില്ലയിലെ ഭിന്നശേഷിക്കാരുടെ 'ഐക്കൺ' ആയി ശ്രദ്ധേയരായ വ്യക്തികളെ കണ്ടെത്തി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് റിപ്പോർട് സമർപ്പിക്കാൻ യോഗം തീരുമാനിച്ചു.

യോഗത്തിൽ തഹസിൽദാർമാരായ ശശിധരൻ പിള്ള, കെ. നാരായണൻ, കെ.പി. ഷക്കീർ ഹുസൈൻ, വിവിധ ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(അവസാനിച്ചു)